**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1776 06/07/2015 -ൽ മറുപടിയ്ക്ക്

## സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.ടി.ജലീൽ** | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 2015 ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ മദ്യം,ബിയർ, വൈൻ എന്നിവ വാങ്ങിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I(a) യും 1(b)യും ആയി ചേർത്തിരിക്കുന്നു. |
| **(ബി)** മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർദ്ധന കമ്പനികൾക്ക് അനുവദിച്ചു കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ; | **(ബി)** കമ്പനികൾക്ക് മദ്യത്തിനും ബിയറിനും വൈനിനും അനുവദിച്ച് നൽകിയ നിരക്ക വർദ്ധനയുടെ വിശദാംശം അനുബന്ധംII ആയി ചേർത്തിരിക്കുന്നു. |
| **(സി)** നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനങ്ങളിൽ നിലവിൽ എത്ര ശതമാനം തുക വീതം ഖജനാവിലേക്ക് ലഭിക്കുന്നുണ്ട്; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിലയും വിശദമാക്കാമോ? | **(സി)** 2013-14, 2014-15 എന്നീ വർഷങ്ങളിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ വിൽപ്പനയിലൂടെ സർക്കാർ ഖജനാവിലേയ്ക്ക് അടച്ച നികുതി ചുവടെ ചേർക്കുന്നു. |

**സർക്കാർ ഖജനാവിലേയ്ക്ക് വിൽപ്പന നികുതി ഇനത്തിൽ അടച്ച തുക (രൂപ കോടിയിൽ)**

| വർഷം | മൊത്തം തുക | IMFL | % | ബിയർ & വൈൻ | % |
| --- | --- | --- | --- | --- | --- |
| 2013-14 | 5797.44 | 5445.42 | 93.92 | 352.02. | 6.08 |
| 2014-15 | 6564.19 | 6171.26 | 94.01 | 392.93 | 5.99 |
| 2015-16 (ഏപ്രിൽ മേയ് | 1329.99 | 1187.94 | 89.32 | 142.04 | 10.68 |

(......2)

ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്നു ഈടാക്കുന്ന വിലയും അനുബന്ധംIII ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1780      06/07/2015 -ൽ മറുപടിയ്ക്ക്

**ബിവറേജസ് ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ അപര്യാപ്തത**

ചോദ്യം

**ശ്രീ.രാജു എബ്രഹാം**

(എ) കേരളത്തിൽ എത്ര ബിവറേജസ് ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടങ്ങളിൽ എത്ര തസ്തികകളാണ് ആകെയുള്ളത്; നിലവിൽ എത്ര ജീവനക്കാരാണ് ഓരോ തസ്തികയിലും ഉള്ളത്; ഇനി എത്ര ജീവനക്കാർ കൂടി ഓരോ തസ്തികയിലും ആവശ്യമുണ്ട്;

ഉത്തരം

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

(എ) കേരളത്തിൽ ഇപ്പോൾ 332 വിദേശമദ്യഷാപ്പുകൾ (എഫ്.എൽ.1) ബിവറേജസ് ഔട്ട് ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. 292 എഫ്.എൽ-1 ഷോപ്പുകൾ ബിവറേജസ് കോർപ്പറേഷന്റെ കീഴിലും 40 എഫ്.എൽ.1 ഷോപ്പുകൾ, കൺസ്യൂമർഫെഡിനു കീഴിലും പ്രവർത്തിച്ചുവരുന്നുണ്ട്.
കെ.എസ്.ബി.സി-യിലെ തസ്തിക വിവരം ചുവടെ ചേർക്കുന്നു.

| നം | തസ്തികവിവരം | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ്സ് | 157 |
| 2 | എൽ.ഡി.ക്ലാർക്ക് | 203 |
| 3 | ഹെൽപ്പർ | 155 |
| 4 | അബ്കാരി ജീവനക്കാർ | 1500 |
| 5 | ഡെപ്യൂട്ടേഷൻ ജീവനക്കാർ | 405 |
| | ആകെ | 2420 |

നിലവിൽ കെ.എസ്.ബി.സി.യിൽ സർക്കാർ അനുവദിച്ചിട്ടുള്ള 1721 തസ്തികകളിൽ1040 പേർ ജോലി ചെയ്യുന്നുണ്ട്. അവശേഷിക്കുന്ന 681 തസ്തികകളിൽ പി.എസ്.സി.വഴി നിയമനം നടന്നുവരുന്നു. ഇതു കൂടാതെ

അബ്കാരി വർക്കർ വിഭാഗത്തിൽ 1579 പേർ ജോലി ചെയ്തുവരുന്നു. ടി തസ്തികകളിൽ സമാശ്വസ തൊഴിൽദാന പദ്ധതി പ്രകാരം മാത്രമാണ് പുതുതായി നിയമനം നടത്തുന്നത്. അല്ലാതെ നിയമിക്കുന്നതിന് വ്യവസ്ഥയില്ല. കൺസ്യൂമർഫെഡിനു കീഴിൽ പ്രവർത്തിക്കുന്ന 40 എഫ്.എൽ. ഷോപ്പുകളിലായി 276 അബ്കാരി ജീവനക്കാരെ പുനർവിന്യസിച്ച് നിയമനം നൽകിയിരുന്നു. ആയതിൽ 187 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്തുവരുന്നു.

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുവേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ഒരു പഠനറിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 639 ജീവനക്കാരുടെ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**(ബി)** ജീവനക്കാരുടെ കുറവു മൂലം നിലവിലുള്ള ജീവനക്കാർ വളരെയധികം കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

**(ബി)** കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നടത്തിവരുന്ന ചില ഷോപ്പുകളിൽ ജീവനക്കാരുടെ കുറവുണ്ട്. ഇപ്രകാരം കുറവുള്ള ഷോപ്പിലേയ്ക്ക് ജീവനക്കാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി വഴി നിയമനം നടത്തുന്ന പുതിയ ജീവനക്കാരെ ജീവനക്കാർ കുറവുള്ള ഷോപ്പുകളിൽ നിയമിച്ച് പ്രശ്ന പരിഹാരം കാണുന്നുണ്ട്.

**(സി)** റാന്നി ബിവറേജസ് ഔട്ട് ലെറ്റിൽ എത്ര ജീവനക്കാരാണ് വേണ്ടത്; നിലവിൽ ഇവിടെ

**(സി)** ബിവറേജസ് ഔട്ട് ലെറ്റുകളിൽ ആവശ്യമായ ജീവനക്കാരുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് പാറ്റേൺ

എത്ര ജീവനക്കാർ ഉണ്ട്; ജീവനക്കാരുടെ കുറവ് ഇപ്പോൾ എങ്ങനെയാണ് പരിഹരിച്ച് പോകുന്നത്;

കോർപ്പറേഷൻ നടപ്പാക്കിയിട്ടില്ല. ഓരോ ഷോപ്പിലെയും വിൽപ്പനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാറുണ്ട്. റാന്നി ഷോപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 7 ജീവനക്കാരുടെ ആവശ്യമുണ്ട്. ടി ഷോപ്പിൽ 18/5/2015-ൽ 8 ജീവനക്കാർ ഉണ്ടായിരുന്നു. എന്നാൽ അച്ചടക്കനടപടിയുടെ ഭാഗമായി രണ്ട് ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ഓരാളെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു. അതിനു പകരമായി മറ്റിടങ്ങളിൽ നിന്നും 2 ജീവനക്കാരെ റാന്നി ഷോപ്പിലേയ്ക്ക് മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡി) പനി ബാധിച്ച് അവധി ആവശ്യപ്പെട്ടിട്ടും അധികൃതർ അവധി നൽകാത്തതിനെത്തുടർന്ന് ഡ്യൂട്ടിക്കിടെ റാന്നി ബിവറേജസിൽ ജീവനക്കാരൻ കുഴഞ്ഞുവീണ മരിച്ചസംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അസുഖമായിട്ടും ഇയാൾക്ക് അവധി നൽകാത്ത മേലുദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) റാന്നി എഫ്.എൽ-1 ഷോപ്പിലെ അബ്കാരി ജീവനക്കാരൻ ജോലിക്കിടെ കുഴഞ്ഞുവീണ് മരണപ്പെട്ടിട്ടുണ്ട്. ടിയാൻ അവധി ആവശ്യപ്പെട്ടുകൊണ്ട് മേലധികാരികൾക്ക് അപേക്ഷയൊന്നും നൽകിയിട്ടില്ലായിരുന്നു.

(ഇ) റാന്നി ബിവറേജസിലെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ അധികമായി നിയമിക്കും എന്ന് വ്യക്തമാക്കാമോ?

ഇ) റാന്നി ബിവറേജസ് ഷോപ്പിലെ തിരക്ക് കണക്കിലെടുത്ത് ആവശ്യമായ കൂടുതൽ ജീവക്കാരെ നിയമിക്കാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ